## കേരള സർക്കാർ

### സംഗ്രഹം

സൈനിക ക്ഷേമം വകുപ്പ് - കേരളാ സംസ്ഥാന മിലിട്ടറി ബെനവോലന്റ് ഫണ്ട്- നിലവിലുള്ള ചട്ടങ്ങളിൽ എയിഡ്സ് രോഗികൾക്ക് സാമ്പത്തിക സഹായം നൽകുന്ന പുതിയ പദ്ധതി കൂടി ഉൾപ്പെടുത്തി പുതുക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമം വകുപ്പ്**

**സ.ഉ.(കൈ) നം.57/2018/പൊ.ഭ.വ തീയതി, തിരുവനന്തപുരം : 07/03/2018**

---

പരാമർശം:-

1. 01.12.2004 ലെ സ.ഉ (എം.എസ്) 350/04/പൊ.ഭ.വ നമ്പർ ഉത്തരവ്.
2. 29.09.2006 ലെ സ.ഉ (എം.എസ്) നം. 258/06/പൊ.ഭ.വ നമ്പർ ഉത്തരവ്.
3. 23.07.2007 ലെ സ.ഉ (എം.എസ്) നം.366/07/പൊ.ഭ.വ നമ്പർ ഉത്തരവ്.
4. 01.01.2008 ലെ സ.ഉ (എം.എസ്) നം. 01/2008/പൊ.ഭ.വ നമ്പർ ഉത്തരവ്.
5. 29.11.2010 ലെ സ.ഉ (എം.എസ്) നം. 389/10/പൊ.ഭ.വ നമ്പർ ഉത്തരവ്.
6. 14.07.2011 ലെ സ.ഉ (എം.എസ്) നം. 223/11/പൊ.ഭ.വ നമ്പർ ഉത്തരവ്.
7. 31.01.2012 ലെ സ.ഉ (എം.എസ്) നം.23/12/പൊ.ഭ.വ നമ്പർ ഉത്തരവ്.
8. 07.03.2013 ലെ സ.ഉ (എം.എസ്) നം.64/13/പൊ.ഭ.വ നമ്പർ ഉത്തരവ്.
9. 13.06.2013 ലെ സ.ഉ (എം.എസ്) നം.170/13 പൊ.ഭ.വ നമ്പർ ഉത്തരവ്.
10. 05.12.2014 ലെ സ.ഉ (എം.എസ്) 337/14/പൊ.ഭ.വ നമ്പർ ഉത്തരവ്.
11. 06.02.2016 ലെ സ.ഉ (എം.എസ്) നം. 11/16/പൊ.ഭ.വ നമ്പർ ഉത്തരവ്.
12. സൈനികക്ഷേമ വകുപ്പ് ഡയറക്ടറുടെ 04.05.17 ലെ B2-6783/2017/DSW നമ്പർ കത്ത്.

### ഉത്തരവ്

1. പരാമർശം 1ലെ സർക്കാർ ഉത്തരവ് പ്രകാരം കേരളാ സംസ്ഥാന മിലിട്ടറി ബെനവോലന്റ് ഫണ്ട് / ജില്ലാ മിലിട്ടറി ബെനവോലന്റ് ഫണ്ട് എന്നിവയുടെ ഭരണനിർവഹണത്തിനായി പുതുക്കിയ ചട്ടങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് കാലാകാലങ്ങളിൽ പ്രസ്തുത ചട്ടങ്ങൾക്ക് നിരവധി ഭേദഗതികൾ പരാമർശിത ഉത്തരവുകൾ പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. 30.11.2016 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന രാജ്യ സൈനിക ബോർഡ് യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും വേണ്ടി കമ്മിറ്റി അംഗീകരിച്ച പുതിയ പദ്ധതിയായ "Medical After Care Grant to AIDS patients among the Ex- servicemen / Widows of Ex-servicemen / Wives and Dependent Children of Ex-servicemen" എന്ന സ്കീം സ്റ്റേറ്റ് മിലിട്ടറി ബെനവോലന്റ് ഫണ്ടിന്റെ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയും അതിൻപ്രകാരം സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശിത കത്ത് പ്രകാരം നിർദ്ദേശം ലഭ്യമാക്കുകയും ചെയ്തു.

2. പ്രസ്തുത നിർദ്ദേശം സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന പദ്ധതി കൂടി ഉൾപ്പെടുത്തി സ്റ്റേറ്റ് മിലിട്ടറി ബെനവോലന്റ് ഫണ്ടിന്റെ ചട്ടങ്ങൾ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

3. ഇതിന് 01.04.2017 തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| റൂൾ നം. | നിലവിലുള്ള ചട്ടം | ഭേദഗതി വരുത്തുന്നത് /കൂട്ടിച്ചേർക്കുന്നത് |
|---|---|---|
| | പുതിയ പദ്ധതി | **"Medical After Care Grant to AIDS patients among the Ex- servicemen / Widows of Ex-servicemen / Wives and Dependent Children of Ex-servicemen"**<br>ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി എയിഡ്സ് രോഗികളായ വിമുക്തഭടന്മാർക്ക്/ അവരുടെ ഭാര്യക്ക്/ അവരുടെ വിധവകൾക്ക്/ അവരുടെ ആശ്രിതരായ മക്കൾക്ക് **പ്രതിമാസം 1500/- രൂപ** നിരക്കിൽ സാമ്പത്തിക സഹായം നൽകുന്നതാണ്.<br>(i) ഈ പദ്ധതി പ്രകാരം ആദ്യ മൂന്ന് വർഷത്തേക്ക് മാത്രമാണ് ധനസഹായം നൽകുന്നത്.<br>(ii) ബന്ധപ്പെട്ട മെഡിക്കൽ അതോറിറ്റിയിൽ നിന്നും മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. (വിമുക്തഭടൻ എയിഡ്സ് രോഗിയാണ് എന്ന് തെളിയിക്കുന്നതിന്) |

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**സാജു.എസ്**
**ജോയിന്റ് സെക്രട്ടറി**

To

1. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്. തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ(A & E)., തിരുവനന്തപുരം
4. എല്ലാ ജില്ലാ സൈനിക ക്ഷേമ ഓഫീസർമാർക്കും (ഡയറക്ടർ മുഖാന്തിരം)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
6. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്